"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 10957 ന് അനുവദിച്ച എൻ.സി.ഡി.സി ധനസഹായത്തിന്റെ രണ്ടാം ഗഡു തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.195/2026/Co-Op തീയതി,തിരുവനന്തപുരം, 31-03-2026

---

പരാമർശം:-

1. സ.ഉ (സാധാ) നം. 457/2008/സഹ തീയതി 23/07/2008
2. 03/10/2025ലെ എൻ.സി.ഡി.സി യുടെ NCDC:9-1/2025-IC&SC/1376/SB 51284 നമ്പർ കത്ത്.
3. സ.ഉ( സാധാ) നം 524/2025/സഹ തീയതി 18/12/2025
4. സ.ഉ (സാധാ) നം. 61/2026/സഹ തീയതി 11/02/2026
5. 11/03/2026 ലെ സഹകരണ സംഘം രജിസ്ട്രാറുടെ പി&എം എ (3) 6556/24 നം. കത്ത്.
6. സ.ഉ (സാധാ) നം. 3448/2026/ധന തീയതി 27/03/2026
7. സ.ഉ (സാധാ) നം. 194/2026/സഹ തീയതി 31/03/2026
8. സർക്കുലർ നം 35/2024/ധന തീയതി 12/06/2024

**ഉത്തരവ്**

ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായുള്ള പരാമർശം (1) ഉത്തരവിലെ 7(a) വ്യവസ്ഥ പ്രകാരം സംഘത്തിന് പരമാവധി 5.00കോടി രൂപ സർക്കാർ ഓഹരി സ്വരൂപിക്കുവാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. ടി വ്യവസ്ഥയിൽ നിന്നും ഇളവ് അനുവദിച്ച് കൊണ്ട്,

ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ 10957-ന് പുതുതായി ക്വാറി & ക്രഷർ യൂണിറ്റ് വാങ്ങുന്നതിനായി (ആകെ 7385.00 ലക്ഷം രൂപ) 66.46 കോടി രൂപ അനുവദിക്കുന്നതിന് (Investment Loan(ഓഹരി) - 5.00കോടി രൂപ, Term Loan (വായ്പ) -61.46 കോടി രൂപ) പരാമർശം (2) കത്ത് പ്രകാരം എൻ.സി.ഡി.സി യുടെ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിൽ ഒന്നാം ഗഡുവായി 16.365 കോടി രൂപ {ഓഹരി (investment loan) - 4425-108-42-34-3 – 1 കോടി രൂപ, വായ്പ (Term Loan) – 6425-108-19 - 15.365 കോടി രൂപ)} അനുവദിക്കുന്നതിന് പരമാർശം (4) പ്രകാരം റിലീസ് അനുമതി നൽകിയിട്ടുണ്ട്. എൻ.സി.ഡി.സി ധനസഹായത്തിന്റെ രണ്ടാം ഗഡുവായി 50.095 കോടി രൂപ {ഓഹരി (investment loan) - 4425-108-42-34-3 – 4 കോടി രൂപ, വായ്പ (Term Loan) – 6425-108-19 – 46.095കോടി രൂപ)} നിബന്ധനകൾക്ക് വിധേയമായി, 2025-2026 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും,അനുവദിക്കുന്നതിന് പരാമർശം(7) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

2. പ്രസ്തുത തുക അനുവദിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ഈ പദ്ധതിക്ക് പരാമർശം (2) പ്രകാരം എൻ സി ഡി സിയുടെ അംഗീകാരം ലഭ്യമായിട്ടുള്ളതും, പരാമർശം (3) പ്രകാരം ആദ്യഗഡു തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതും പദ്ധതിയുടെ മുഴുവൻ ഘടകങ്ങളും ടി ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. പരാമർശം (4) പ്രകാരം ആദ്യഗഡുതുക റിലീസ് ചെയ്തിട്ടുള്ളതും ongoing project ന്റെ തുടർഘട്ടവുമാണ്.

3. മേൽ സാഹചര്യത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 10957 ന് ക്വാറി & ക്രഷർ യൂണിറ്റ് വാങ്ങുന്നതിന് പരാമർശം (2) പ്രകാരം അനുമതി ലഭിച്ച എൻ.സി.ഡി.സി ധനസഹായത്തിന്റെ രണ്ടാം ഗഡുവായി 50.095 കോടി രൂപ (അമ്പത് കോടി ഒൻപത് ലക്ഷത്തിഅമ്പതിനായിരം രൂപ മാത്രം) {ഓഹരി (investment loan) - 4425-108-42-34-3 – 4 കോടി രൂപ, വായ്പ (Term Loan) – 6425-108-19 -46.095 കോടി രൂപ) പരാമർശം (6) പ്രകാരം} , 2025-2026 സാമ്പത്തിക വർഷത്തിൽ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. sanction ചെയ്യപ്പെടുന്ന തുക NCDC നിബന്ധനകൾക്ക് വിധേയമായി

ചെലവഴിക്കേണ്ടതും, ഈ ഭരണാനുമതിയോട് ബന്ധപ്പെടുത്തി യാതൊരു **publicity** യും **inauguration** നും **ceremonial function** നും **political functionaries** ന്റെ **association** ഉം നടത്താൻ പാടില്ലാത്തതുമാണ്. **BDS** വഴി തുക പ്രോസസ് ചെയ്യുന്നതിനുള്ള നടപടികൾ സഹകരണ സംഘം രജിസ്ട്രാർ സ്വീകരിക്കേണ്ടതാണ്.

5. പരാമർശം (8) ലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച്കൊണ്ട് പ്രസ്തുത തുക , ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, 2025-26 സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി ) വകുപ്പ് (അഗ്രി സി1/49/2025/ധന)

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ (ബി3/41/2026/സഹ)

ഉത്തരവിൻ പ്രകാരം

Signed by

Priyanka T V

Date: 31-03-2026 18:40:38

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ